STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.108/PR/SPMC/PHQ/2023 Date:01.11.2023

# 1272 പേർ കൂടി പോലീസിലേയ്ക്ക്; പരിശീലനം ഡി ജി പി ഉദ്ഘാടനം ചെയ്തു

കേരള പോലീസിൽ പുതിയതായി നിയമനം ലഭിച്ച 1272 പോലീസ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് ഉദ്ഘാടനം ചെയ്തു. 197 വനിതകളും ഇവരിൽ പെടുന്നു.

മലബാർ സ്പെഷ്യൽ പോലീസ്, കേരള ആംഡ് പോലീസിന്റെ വിവിധ ബറ്റാലിയനുകൾ, എസ്. എ.പി, ഇന്ത്യാ റിസർവ് ബറ്റാലിയൻ, കേരള പോലീസ് അക്കാദമി തുടങ്ങി ഒൻപതു കേന്ദ്രങ്ങളിലാണ് പരിശീലനം ആരംഭിച്ചത്.

പുതുതായി നിയമനം ലഭിച്ചവരിൽ എട്ടുപേർ എം.ടെക്ക് ബിരുദധാരികളും 14 പേർ എം.ബി.എ ബിരുദധാരികളുമാണ്. ബി.ടെക്ക് ഉള്ളവർ 136 പേരാണ്. 635 ബിരുദധാരികളും പ്ലസ് ടു അല്ലെങ്കിൽ സമാനയോഗ്യതയുള്ള 245 പേരും പരിശീലനത്തിനുണ്ട്. 2066 പേരുടെ പരിശീലനം ആഗസ്റ്റ് 17 ന് വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ചിരുന്നു.

എ.ഡി.ജി.പി എം.ആർ. അജിത്ത് കുമാർ, ഡി.ഐ.ജി രാഹുൽ ആർ. നായർ, ബറ്റാലിയൻ ആസ്ഥാനത്തെ കമാന്റന്റ് ജി. ജയദേവ്, എസ്.എ.പി കമാന്റന്റ് എൽ. സോളമൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കേരള പോലീസ് അക്കാദമി ഡയറക്ടർ ഗോപേഷ് അഗർവാൾ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ഓൺലൈനായി സംബന്ധിച്ചു. പരിശീലനാർഥികൾ ഓൺലൈനായാണ് ഒൻപതു കേന്ദ്രങ്ങളിൽ നിന്ന് പങ്കെടുത്തത്.

ഫോട്ടോ ക്യാപ്ഷൻ: പോലീസിൽ പുതുതായി നിയമിതരായവർക്ക് വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ച പരിശീലനത്തിന്റെ ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി തിരുവനന്തപുരത്ത് പോലീസ് ട്രെയിനിങ് കോളേജിൽ നിർവ്വഹിക്കുന്നു.

***********************